D 91180 (Pages : 3) Name.....................................

Reg. No.....................................

# FIFTH SEMESTER B.A. DEGREE EXAMINATION, NOVEMBER 2015

(UG—CCSS)

Core Course—Malayalam

## MA 5B 08—മലയാള കവിത—നവോത്ഥാന ഘട്ടം

(2011 Admission onwards)

Time : Three Hours Maximum : 30 Weightage

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് ¼ :

(A) ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 വിശ്വാമിത്രൻെറ ശിഷ്യൻെറ പേരെന്ത് ?

2 ത്രിഗുണങ്ങളിൽ ലീലാകാവ്യവുമായി ബന്ധപ്പെട്ടത് ഏത് ?

3 'The Victory' എന്ന കഥയെ ആസ്പദമാക്കി മലയാളത്തിൽ രചിക്കപ്പെട്ട കാവ്യം ഏത് ?

4 മലയാളത്തിൽ യോഗാത്മക-പ്രതിരൂപാത്മക കവി എന്നറിയപ്പെടുന്നത് ആര് ?

(B) ബ്രാക്കറ്റിൽനിന്നും ശരിയുത്തരം എടുത്തെഴുതുക :

5 വിഷുപ്പക്ഷി പരാമർശിക്കപ്പെടുന്നത് ഏത് കവിതയിൽ ?

(സഹിക്കയോ ദാസ്യം, വിഷപ്പക്ഷിയോട്, എൻെറ യുവത്വം.)

6 "രാമാസ്ത്രത്തിനു വെച്ച നൈവേദ്യം"—ആര് ?

(ശൂർപ്പണഖ, ഇന്ദ്രജിത്ത്, രാവണൻ.)

7 വിശ്വപ്രേമത്തിൻ പാട്ടു
പാടിപ്പോം വനകന്യക

—ആര് ?

(ഗംഗാനദി, യമുനാ നദി, ബ്രഹ്മപുത്രാ നദി.)

8 ഗ്രാമ-നഗര സംഘർഷം പ്രമേയമാകുന്ന കവിത ഏത് ?

(യുഗപരിവർത്തനം, ആഫ്രിക്ക, കളങ്കമറ്റ കൈ.)

(C) പൂരിപ്പിക്കുക :

9 വ്യാകരണവും കവിതയും തമ്മിലുള്ള സംഘർഷമാണ് ———— എന്ന കവിതയിലെ പ്രമേയം.

10 ———— മാതൃത്വത്തിൻെറ കവയിത്രിയായി അറിയപ്പെടുന്നു.

Turn over

11 ആഫ്രിക്ക എന്ന കവിതയിൽ പരാമർശിക്കപ്പെടുന്ന ഇടയവർഗ്ഗം ———— എന്ന് അറിയപ്പെടുന്നു

12 'ധൂർത്തവംശ രാഗം' എന്ന വാക്കിന്റെ അർത്ഥം എന്നാണ് ?

(12 × ¼ = 3 weightage)

II. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് 1 :

13 തിരുനല്ലൂർ കരുണാകരൻ കർഷകനോട് ആഹ്വാനം ചെയ്യുന്നതെന്ത് ?

14 "അവന്റെ താരസ്വരകമുണ്ടു കേൾപ്പൂ"—ആരുടെ ? എപ്പോൾ ?

15 "കേട്ടു പിന്നിൽ നിന്നിക്കള ഗീതി ഞാൻ"—കേട്ടതെന്ത് ?

16 തന്റെ യൗവനത്തിന് ടി.എസ്. തിരുമുമ്പ് നൽകുന്ന വിശേഷണങ്ങളിൽ ഒരെണ്ണം എഴുതുക :

17 "ഞാനൊന്നു ചോദിക്കട്ടെ, സാദരം മഹാമുനേ"—ആര്, ആരോട് ?

18 ഉലകിന്നുയിരായ പ്രേമത്തിന്റെ ശത്രു ആര് ? അതിന് അടിമപ്പെട്ടാലുണ്ടാകാവുന്ന വിശേഷം എന്ത് ?

19 "തടശില പോലെ തരംഗ ലീലയിൽ"—വ്യക്തമാക്കുക.

20 ചിരി ചൊരിയുവാനായിയെൻ ദേശികൻ

ശിരസി താഡനമേറ്റീ പലപ്പൊഴും

—വിവക്ഷിതമെന്ത് ?

21 "കാട്ടിത്തരുന്നൂ വിധി രത്നമെല്ലാം"—ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനമെന്ത് ?

(9 × 1 = 9 weightage)

III. അഞ്ചു ചോദ്യങ്ങൾക്ക് ഓരോ ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് 2 :

22 സ്വപ്നമാകും പ്രപഞ്ചം തന്നിൽ

ബാഹ്യേന്ദ്രിയമകലെയായ്

ചിത്തസത്വങ്ങൾ പോലെ

—വ്യക്തമാക്കുക.

23 "മൃദുവാം കൈയേതിനും തലോടാമപ്പൂക്കളെ"—സന്ദർഭമെഴുതുക.

24 പുണ്ഡരീകൻ ആരാണ് ? പരിചയപ്പെടുത്തുക.

25 ആ വിശുദ്ധമാം മുഗ്ദ്ധപുഷ്പത്തെക്കണ്ടില്ലെങ്കിൽ

ആ വിധം പരസ്പരം സ്നേഹിക്കാതിരുന്നെങ്കിൽ

—വിശദീകരിക്കുക.

26 'ധന്യനഗ്രജൻ നൃത്തം ചവിട്ടുന്നു'—കാരണമെന്ത് ?

27 'സഹിക്കയോ ദാസ്യം' എന്ന കവിതയുടെ പശ്ചാത്തലമെന്ത് ?

28 "ഉള്ളിൽ നിലകൊണ്ട് ആം, അരുത് എന്ന് കാട്ടിത്തരുന്നത് " ആര് ? വ്യക്തമാക്കുക.

(5 × 2 = 10 weightage)

IV. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് 4 :

29 'അച്ഛനും മകളും' എന്ന കൃതിക്ക് ഒരാസ്വാദനം തയ്യാറാക്കുക.

30 മാധവി—കഥാപാത്ര നിരൂപണമെഴുതുക.

31 യുഗപരിവർത്തനം എന്ന കവിത ഉയർത്തുന്ന ജീവിത സമസ്യകൾ എന്തെല്ലാം ?

(2 × 4 = 8 weightage)